
# ജാലകം

മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷന്റെ പരിശീലനപത്രം

വാല്യം 19 ബിരുദദാന പ്രത്യേക പതിപ്പ് | കോട്ടയം,2022 ഓഗസ്റ്റ് 06 ശനി, 2 പേജ് | സ്വകാര്യ വിതരണത്തിനു മാത്രം



മുൻനിര: ക്രിസ്റ്റീൻ ബ്രിൽസ്, സിബിന സണ്ണി, പ്രാഞ്ജുൽ സിംഗ്, ജെയ്സൺ രാജു, അമിത രാജ്കുമാർ, ആശ മേരി കുരുവിള, ആരതി കൃഷ്ണ, മറിയം ഇ സണ്ണി, രേഷ്മ അശോകൻ, എലിസബത്ത് എബ്രഹാം, സീനോ സാജു, മാളവിക എസ്, ദേവിക ആർ നായർ,
പിൻനിര: അക്ഷയ് മോഹൻ, ഐശ്വര്യ ടി എസ്, മനു ടി രാജു, ബെക്കി പി ജോർജ്, അഞ്ജന തെരേസ് ആന്റണി, എം സായി ജഹാൻവി, പവിത്ര സുരേഷ്, അഞ്ജു മരിയ ജോൺ, അപർണ ജേക്കബ്, ജീവൻ ഓതറ, അഷിത സാലസ്, അബു ഫിലിപ്പ്, അനുമോൾ ദേവസി

## അഭിമാനത്തോടെ...

### 20–ാമത് ബാച്ചിലെ 27 വിദ്യാർഥികൾക്കും വിജയം

കോട്ടയം: നേരിന്റെയും നീതിയുടെയും മാർഗത്തിലേയ്ക്കുള്ള മാധ്യമ പ്രവർത്തന പരിശീലനം പൂർത്തിയാക്കി നാളെയുടെ ശബ്ദമായി മാറാൻ തയ്യാറായി ഇറങ്ങുകയാണ് മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷനിലെ വിദ്യാർഥികൾ.

ഭാവിയെ കരുപ്പിടിപ്പിക്കാനൊരുങ്ങി 27 വിദ്യാർഥികളാണ് 2021-22 ബാച്ചിൽ മാസ്കോമിൽ നിന്ന് പടിയിറങ്ങുന്നത്.

രാജ്യാന്തര സ്ഥാപനങ്ങൾ മുതൽ പ്രാദേശിക മാധ്യമങ്ങൾ വരെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലായി ജോലിയിൽ പ്രവേശിക്കുകയാണ് മാസ്കോം വിദ്യാർത്ഥികൾ.

മാസ്കോം മാനേജ്മെന്റിന്റെ പിന്തുണയും അധ്യാപകരുടെ മാർഗദർശനവുമാണ് വിദ്യാർത്ഥികളെ വിജയത്തിലേക്ക് നയിച്ചത്.

മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ (മാസ്കോം) ഇരുപതാം ബാച്ചിലെ 27 വിദ്യാർഥികൾക്ക് ബിരുദാനന്തര ബിരുദ ഡിപ്ലോമ മനോരമ സെമിനാർ ഹാളിൽവെച്ച് നടന്ന ചടങ്ങിൽ കേരള ചീഫ് സെക്രട്ടറി ഡോ.വി പി ജോയ് വിതരണം ചെയ്തു.

പ്രിന്റ് വിഭാഗത്തിൽനിന്ന് 11 പേരും ബ്രോഡ്കാസ്റ്റ് വിഭാഗത്തിൽ നിന്നു 16 പേരുമാണ് ഡിപ്ലോമ വിജയകരമായി പൂർത്തിയാക്കിയത്.

പ്രഗത്ഭരായ അധ്യാപകരാണ് മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷന്റെ വിജയത്തിന് പിന്നിൽ.

അവർ നൽകിയ അറിവിന്റെയും നിരന്തര പരിശീലനത്തിന്റെയും ഫലമാണ് ഓരോ വിദ്യാർഥിയുടെയും വിജയം. അവർ പകർന്ന ആത്മവിശ്വാസമാണ് ഇന്നോരോ വിദ്യാർഥിയും പുതിയ തൊഴിൽ മേഖലയിലേയ്ക്ക് ചുവടുവെയ്ക്കുമ്പോൾ കരുത്താവുന്നതും.

മികച്ച വിദ്യാർഥിക്കുള്ള കെ. സി മാമൻ മാപ്പിള അവാർഡ് ബ്രോഡ്കാസ്റ്റ് വിഭാഗത്തിൽ നിന്ന് അക്ഷയ് മോഹനും.ഓരോ വിഭാഗത്തിലെയും മികച്ച വിദ്യാർഥികൾക്കുള്ള മലയാള മനോരമ ചീഫ് എഡിറ്റേർസ് അവാർഡ് ക്രിസ്റ്റീൻ ബ്രിൽസും (ബ്രോഡ്കാസ്റ്റ് ) ആശ മേരി കുരുവിളയും (പ്രിന്റ് ) കരസ്ഥമാക്കി.

കോവിഡിനെ തുടർന്ന് ക്ലാസുകൾ ഓൺലൈനായാണ് ആരംഭിച്ചതെങ്കിലും അധിക നാളുകൾ അത് തുടരേണ്ടി വന്നില്ല.

ഒരു മാസത്തെ ഓൺലൈൻ ക്ലാസിന് തിരശീലയിട്ടുകൊണ്ട് ഒക്ടോബർ മാസം വിദ്യാർഥികളെ സ്വാഗതം ചെയ്ത് മാസ്കോമിന്റെ വാതിൽ വീണ്ടും തുറന്നു.

രണ്ട് വർഷത്തെ ലോക്ഡൗൺ നിയന്ത്രണങ്ങൾക്ക് അന്ത്യം കുറിച്ചു കൊണ്ടായിരുന്നു മാസ്കോമിന്റെ ഇരുപതാം ബാച്ചിന്റെ പ്രവേശനം.

പത്തു മാസം നീണ്ട പഠനകാലം അവസാനിക്കുമ്പോൾ മാസ്കോമിന്റെ ചരിത്രത്തിലെ ഏറ്റവുമധപ്ലെയ്സ്മെന്റ് ലഭിച്ച ആദ്യ ബാച്ച് എന്ന അഭിമാന തിലകം കൂടി 2021-22 ബാച്ചിന് മാത്രം സ്വന്തം.

പത്ര,ദൃശ്യ മാധ്യമമേഖലയിലെ വിദ്യാർത്ഥികൾക്ക് സാങ്കേതികവിദ്യാകളുടെ സഹായത്തോടെയുള്ള പരിശീലനമാണ് മാസ്ക്കോമിൽ ഒരുക്കിയിട്ടുള്ളത്.

പ്രിന്റ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന പരിശീലന പത്രങ്ങളായ ജാലകവും ഫോർത്ത് എസ്റ്റേറ്റും എല്ലാ ആഴ്ചകളിലും അച്ചടിക്കുന്നുണ്ട്. തങ്ങളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി നടത്തിയ മാസ്കോം ഡേ പ്രദർശനം നിരവധിപേരെ ആകർഷിച്ചരുന്നു.

കല, സാംസ്കാരിക മേഖലകളിലെ പ്രമുഖരും, ശ്രദ്ധേയരായ മാധ്യമ പ്രവർത്തകരും നയിക്കുന്ന ക്ലാസുകൾ വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള മികച്ച അവസരമാണിവിടെ സൃഷ്ടിക്കുന്നത്.

ആനുകാലിക പ്രസിദ്ധീകരണങ്ങളും, പത്രങ്ങളും, രണ്ടായിരത്തോളം പുസ്തകങ്ങളുമുൾപ്പെടുന്ന വിശാലമായ ലൈബ്രറിയാണ് മാസ്ക്കോമിൽ ഒരുക്കിയിരിക്കുന്നത്.

അക്കാദമിയുടെ ഭാഗമായുള്ള പഠനയാത്രയും സമൂഹത്തിന്റെ നാനാതുറയിലുള്ള പ്രശസ്തരുമായുള്ള കൂടികാഴ്ചകളും മാസ്ക്കോമിന്റെ പ്രത്യേകതകളാണ്.

## അക്ഷരങ്ങളെ ഭരിക്കുന്ന സിഎസ്



ഡോ. വി പി ജോയി

**കഴിഞ്ഞ** വർഷം ഫെബ്രുവരിയിൽ കേരള ചീഫ് സെക്രട്ടറിയായ ഡോ. വി. പി ജോയ് സംസ്ഥാനഭരണത്തിൽ മാത്രമല്ല,സാഹിത്യത്തിലും തന്റെ കയ്യൊപ്പുകൾ ചാർത്തിയ മികച്ച ഉദ്യോഗസ്ഥനാണ്.

തിരുവനന്തപുരം വിക്രം സാരാഭായ് സ്പേസ് സെന്ററിൽ എഞ്ചിനീയറായി 1985ൽ ഔദ്യോഗികജീവിതം ആരംഭിച്ച അദ്ദേഹം 1987ൽ ഐഎഎസ്സിൽ ചേർന്നു.

34 വർഷമായി നയരൂപീകരണത്തിലും ഭരണനിർവഹണത്തിലും വിവിധ തലങ്ങളിലുള്ള തസ്തികകൾ വഹിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷനിൽ ബി.ടെക് ബിരുദം നേടിയ അദ്ദേഹം ബർമിങ്ങാം സർവകലാശാലയിൽയിൽ നിന്ന് എംബിഎ നേടിയിട്ടുണ്ട്.

പഞ്ചാബ് സർവകലാശാലയിൽനിന്ന് എം.ഫില്ലും ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് പി.എച്ച്.ഡിയും കരസ്ഥമാക്കി.

2014ൽ ഹാർവാർഡ് സർവകലാശാലയിലെ സുസ്ഥിര ശാസ്ത്ര പ്രോഗ്രാമിൽ ജോർജിയോ റൂഫലോ പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെല്ലോയായി അദ്ദേഹത്തെ തിരഞ്ഞെടുത്തിട്ടുണ്ട്.

പാലക്കാട്, പാലാ എന്നിവിടങ്ങളിൽ സബ് കളക്ടറായും 1996 മുതൽ 1999 വരെ എറണാകുളം കളക്ടറായും പ്രവർത്തിച്ചു. പെട്രോളിയം നാച്ചുറൽ ഗ്യാസ് മന്ത്രാലയത്തിൽ 2004 മുതൽ 2007 വരെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

സിപിഎഫ് കമ്മിഷണർ, ഹൈഡ്രോകാർബൺസ് ഡയറക്ടർ ജനറൽ, നാഷണൽ അതോറിറ്റി ഓഫ് കെമിക്കൽ വെപ്പൺസ് കൺവെൻഷൻ ചെയർമാൻ തുടങ്ങിയ തസ്തികകളും അദ്ദേഹം കേന്ദ്രത്തിൽ വഹിച്ചു. കേരളത്തിൽ കൃഷി, ഗതാഗതം, തൊഴിൽ, നികുതി വകുപ്പുകളിൽ സെക്രട്ടറിയായും കെ. എസ്. ഇ. ബി ചെയർമാനായും സേവനമനുഷ്ഠിച്ച അദ്ദേഹം 2011 മുതൽ 2013 വരെ പ്രിൻസിപ്പൽ ഫൈനാൻസ് സെക്രട്ടറിയായിരുന്നു. കേന്ദ്രത്തിൽ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് മുമ്പ് കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിന്റെയും കോളജ് വിദ്യാഭ്യാസത്തിന്റെയും ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

2013 മുതൽ 2014 വരെ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയേറ്റിലെ ജോയിന്റ് സെക്രട്ടറിയായിരുന്നു.

1995-ൽ പ്രസിദ്ധീകരിച്ച 'ലിമിറ്റ്സ് ആൻഡ് ലിമിറ്റേഷൻസ് ഓഫ് ഹ്യൂമൻ മൈൻഡ് ' എന്ന പുസ്തകം ഏറെ നിരൂപകപ്രശംസ പിടിച്ചുപറ്റിയിരുന്നു. 1997-ൽ ഫാസെറ്റ്സ് ഓഫ് ഫ്രീഡം - എ മോറൽ ആൻഡ് പൊളിറ്റിക്കൽ അനാലിസിസ് 2002-ൽ 'റിഫ്ളക്ഷൻസ് ഓൺ ദ ഫിലോസഫി ഓഫ് എഡ്യൂക്കേഷൻ' തുടങ്ങിയ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം ഗവേഷണം നടത്തി പ്രസിദ്ധീകരിച്ച റിസർച്ച് പേപ്പറുകൾ അന്താരാഷ്ട്രതലത്തിൽ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ 'അറിവാഴം','ബന്ധനസ്ഥനായ ന്യായാധിപൻ' തുടങ്ങിയ നോവലുകൾ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.'മണൽവരകൾ','നിമിഷജാലകം','മാതൃവിലാപം','മലയാളഗസൽ', 'ഋതുഭേദങ്ങൾ','നക്ഷത്രരാഗം' തുടങ്ങിയ കവിതകളും വി. പി ജോയിയുടെ തൂലികയിൽ നിന്നായിരുന്നു. അക്ഷയ ലിറ്ററി അവാർഡ്, എസ് കെ പൊറ്റക്കാട് അവാർഡ്, പഴശി രാജ സാഹിത്യ പ്രതിഭാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

## ഹൃദയപൂർവ്വം സഹദേവൻ സാറിന്...

ഒരു കാലഘട്ടത്തിലെ ജനതയെ ക്ലാസ്സിക് സിനിമകൾ കാണാൻ പ്രേരിപ്പിച്ച ഇന്ത്യാവിഷനിലെ '24' ഫ്രെയിംസ് എന്ന പരിപാടിയിലൂടെയായിരുന്നു ആണ്ടൂർ സഹദേവനെന്ന വ്യക്തിയെ പ്രേക്ഷകർ അറിഞ്ഞു തുടങ്ങിയത്. എന്നാൽ ഞങ്ങൾ അദ്ദേഹത്തെ പൂർണമായി അറിയുന്നതിനു മുൻപായിരുന്നു സാറിന്റെ അപ്രതീക്ഷിത വിടവാങ്ങൽ.

സിനിമയെ ശ്രദ്ധിച്ചിരുന്നവർക്ക് സിനിമയും അതുമായി ബന്ധപ്പെട്ട വിവരങ്ങളും, ചരിത്രവുമൊക്കെ രേഖപ്പെടുത്തി അവതരിപ്പിച്ച ' 24 ഫ്രെയിംസ് ' സിനിമാ പ്രേമികൾക്ക് നൽകിയത് പുതിയൊരു ലോകമായിരുന്നു.

എണ്ണിയാലൊടുങ്ങാത്ത വിദേശഭാഷാ സിനിമകളെ സാധാരണക്കാരിലേക്കെത്തിച്ച അദ്ദേഹത്തിന്റെ ഉദ്യമം നിസാരമായിരുന്നില്ല. പിന്നീട് മാസ്കോമിൽ അധ്യാപകനായി പ്രവേശിച്ച അദ്ദേഹം വിദ്യാർഥികൾക്ക് പ്രിയങ്കരനായിരുന്നു.



ശനിയാഴ്ചകളിൽ മാസ്കോമിലെ ക്ലാസ്മുറികളിൽ സിനിമകൾ പ്രദർശിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ സിനിമയോടുള്ള അഭിനിവേശം വിദ്യാർഥികൾക്കും പ്രചോദനമായിരുന്നു.

ഓരോ വിദ്യാർഥിയോടും വ്യക്തിപരമായി ഇടപഴകിയിരുന്നതുകൊണ്ട്തന്നെ അദ്ദേഹത്തിന്റെ വിടവാങ്ങൽ നികത്താനാകാത്ത നഷ്ടമാണ്.

സാഹിത്യത്തിൽ അനുപമമായ കഴിവുകൾ പ്രദർശിപ്പിച്ചിരുന്ന അദ്ദേഹം ഒരു തിരക്കഥയുടെ പണിപ്പുരയിലായിരുന്നു.

എഴുതിതീർക്കാത്ത ഒട്ടേറെ കഥകൾ വാക്കുകളിലൂടെ വിദ്യാർഥികളുമായി അദ്ദേഹം പങ്കുവെച്ചിരുന്നു.

അഭിനയത്തിലും ഒട്ടേറെ താല്പര്യം പ്രകടിപ്പിച്ചിരുന്ന അദ്ദേഹം തന്റെ വിദ്യാർഥികളോടൊപ്പം ഷോർട്ട്ഫിലിമുകളിലും മുഖം കാണിച്ചിരുന്നു. സിനിമകളോടുള്ള അദ്ദേഹത്തിന്റെ പ്രണയം വൈകിയാണെങ്കിലും അദ്ദേഹത്തെ വെള്ളിത്തിരയിലെത്തിച്ചു.

കഴിഞ്ഞ വർഷം സംവിധായകൻ ജയരാജിന്റെ സിനിമയിൽ മഹാരഥന്മാരായ നെടുമുടി വേണുവിനോപ്പവും ഇന്ദ്രൻസിനൊപ്പവും അഭിനയംമ പങ്കിടാൻ അദ്ദേഹത്തിന് സാധിച്ചു.

അവസാനിച്ചിട്ടും മനസ്സിൽ തങ്ങി നിൽക്കുന്ന ചലച്ചിത്രം പോലെ അദ്ദേഹം ഇന്നും പ്രിയപ്പെട്ടവരുടെ ഹൃദയത്തിൽ ജീവിക്കുകയെന്നിടത്ത് അണ്ടൂർ സഹദേവനെന്ന മനുഷ്യൻ വീണ്ടും ജനിക്കുകയാണ്.

## അഭിനന്ദനങ്ങൾ



### മികച്ച വിദ്യാർഥി

അക്ഷയ് മോഹൻ



### മികച്ച വിദ്യാർഥി

പ്രിന്റ്

ആശ മേരി കുരുവിള



### മികച്ച വിദ്യാർഥി

ബ്രോഡ്കാസ്റ്റ്

ക്രിസ്റ്റീൻ ബ്രിൽസ്

## ഉത്തരവാദിത്ത മാധ്യമ പ്രവർത്തനം പത്രങ്ങളുടേത് : മാത്യൂസ് വർഗീസ്



പവിത്ര സുരേഷ്

കോട്ടയം: സത്യസന്ധവും വസ്തുനിഷ്ഠമായും വാർത്തകൾ അവതരിപ്പിക്കുന്നതിൽ എന്നും പത്രങ്ങളാണ് മുന്നിലെന്ന് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ മാത്യൂസ് വർഗീസ്.

വാർത്താ ചാനലുകളും ഓൺലൈൻ മാധ്യമങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ വാർത്തകൾ നൽകാൻ മത്സരിക്കുമ്പോൾ പലപ്പോഴും വാർത്തകളുടെ സത്യസന്ധത നഷ്ടമാകുന്നുണ്ട്.

വേണ്ടത്ര അന്വേഷണം നടത്താതെയാണ് മിക്ക വാർത്തകളും അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ പത്രങ്ങൾ കൃത്യമായ വിവര ശേഖരണത്തിന് ശേഷം മാത്രമേ വാർത്തകൾ നൽകാറുള്ളു.




ഡിജിറ്റൽ മാധ്യമങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ വാർത്തകൾ നൽകേണ്ടതുകൊണ്ട് വാർത്തകൾ കൃത്യമായി പരിശോധിക്കപ്പെടുന്നില്ല.

ബ്രേക്കിങ് ന്യൂസായി പ്രത്യക്ഷപ്പെടുന്ന വാർത്തകൾ പിന്നീട് കാണാതാകുന്നത് ഇതിനുദാഹരണമാണ്. ഡിജിറ്റൽ മാധ്യമങ്ങളെ സംബന്ധിച്ച് വാർത്തയിൽ പിഴവ് വന്നാൽ പിൻവലിക്കാനുള്ള സാഹചര്യമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.


എന്നാൽ പത്രങ്ങൾ അക്കാര്യത്തിലാണ് കൂടുതൽ ശ്രദ്ധിക്കുന്നത്. തെറ്റ് തിരുത്താനുള്ള അവസരം ലഭ്യമല്ലാത്തതിനാൽ ശരിയായ പരിശോധനയ്ക്കും വിവര ശേഖരണത്തിനും ശേഷം മാത്രമേ പത്രങ്ങൾ വാർത്തകൾ നൽകാറുള്ളു.

ഉത്തരവാദിത്തത്തോടെയുള്ള ഈ സമീപനമാണ് പത്രങ്ങളിൽ ജനങ്ങൾ പുലർത്തുന്ന വിശ്വാസ്യതയ്ക്കുള്ള പ്രധാന കാരണമെന്നും അദ്ദേഹം പറഞ്ഞു.



യാത്രകളുടെ വഴിയേ എലിസബത്ത് സീനോ പകർത്തിയ ചിത്രം

## യാത്രകളുടെ വഴിയേ ഞങ്ങൾ...



സീനോ സാജു

കോട്ടയം: മാസ്കോമിലെ നൂറ് ശതമാനം പ്ലേസ്മെന്റിന് കോഴ്സിന്റെ ആദ്യം മുതലേ വെല്ലുവിളിയായി ഞാനും എന്റെ സുഹൃത്ത് എലിസബത്തും നിന്നത് വെറുതെ ആയിരുന്നില്ല.

എല്ലാവരും അഭിനിവേശത്തോടെയും ആവേശത്തോടെയും മാധ്യമസ്ഥാപനങ്ങളിലേയ്ക്ക് കണ്ണും മനസ്സും കർമങ്ങളും സമർപ്പിച്ചപ്പോഴും എന്തിനാണ് വലിയ സ്ഥാപനങ്ങളിൽ ജോലിയെന്ന ചോദ്യമാണ് ഞങ്ങൾ ഉന്നയിച്ചത്.

എന്നേക്കാൾ മുതിർന്നിട്ടും ഒന്നിനെയും കൂസാതെ നടക്കുന്ന എലിയുടെ ആശയങ്ങളും 'അലക്സാണ്ടർ സൂപ്പർട്രാപിനെ' മനസ്സ് കൊണ്ട് ആരാധിക്കുന്ന എന്റെ ആശയങ്ങളും തമ്മിൽ വലിയ സാമ്യങ്ങളുണ്ടായിരുന്നു.

സമൂഹത്തിന്റെ ചിന്താഗതി ഞങ്ങളുടെ ആശയങ്ങളോട് ഒട്ടും പൊരുത്തപ്പെടുന്നവയല്ലായിരുന്നു.

പണിയെടുക്കാതെ ജീവിക്കാൻ കഴിയില്ലെന്ന സത്യം മനസിലാക്കിയ ഞങ്ങൾ ചെലവിനായി എന്ത് ജോലി തിരഞ്ഞെടുക്കുമെന്ന് ചിന്തിച്ചു.

യാത്രകളെ സ്നേഹിച്ചിരുന്ന ഞങ്ങൾ അതുതന്നെയാണ് ഞങ്ങളുടെ അഭിരുചിയെന്ന് തിരിച്ചറിഞ്ഞു.

യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഞങ്ങൾ ഒന്നുകിൽ വാർത്തകൾ തേടിപ്പിടിച്ചെടുത്തു,ചിലയിടങ്ങളിൽ ഞങ്ങൾ വാർത്തകളായി.

എലിസബത്തിന്റെ വാക്ചാതുര്യം യാത്ര ചെയ്യുന്നിടത്തെല്ലാം ഞങ്ങൾക്ക് ഗുണം ചെയ്യുന്നുണ്ടായിരുന്നു.

അങ്ങനെ പല യാത്രകളിലൂടെ പല അനുഭവങ്ങളും ഞങ്ങൾക്ക് കൂട്ടായി കിട്ടി. യാത്രകളും അനുഭവങ്ങളും ഞങ്ങൾക്ക് പുതിയ പരിചയക്കാരെയാണ് സമ്മാനിച്ചത്.

മാസ്കോമിൽ ചേർന്നതിനു ശേഷമാണ് അന്തർമുഖനായിരുന്ന ഞാൻ കൂടുതൽ ആളുകളെ അങ്ങോട്ട് ചെന്ന് പരിചയപ്പെടുന്നത്.

പതിയെ പുതിയ ആളുകളെ പരിചയപ്പെടുന്നത് എനിക്കേറ്റവും ഊർജം തരുന്നതായി.

പുതിയ ആളുകളെ പരിചയപ്പെടാനായി ലിഫ്റ്റ് ചോദിച്ചാണ് ഞാൻ യാത്രകൾ ചെയ്തുതുടങ്ങിയത്. ലിഫ്റ്റ് ചോദിച്ച് അരുവിക്കുഴി വെള്ളച്ചാട്ടത്തിലേയ്ക്ക് ഒറ്റയ്ക്ക് പോയ എനിക്ക് അതൊരു 'അഡ്രിനലൈൻ റഷ്' ആയിരുന്നു.

പിന്നീട് കോട്ടയത്ത് നിന്നും കുമരകം, ഇല്ലിക്കൽകല്ല്, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ലിഫ്റ്റ് ചോദിച്ചു പോകുന്നതായി എന്റെ വിനോദം.അങ്ങനെ ഞാനൊരു ഹിച്ച്ഹൈക്കറായി മാറി.

എങ്കിലും ഭാവിയിൽ യാത്രയും കരിയറും എങ്ങനെ ഒരുമിച്ചു കൊണ്ട് പോകുമെന്ന ചിന്ത എന്നെയും എലയെയും കൊണ്ടെത്തിച്ചത് ഫ്രീലാൻസ് ജേർണലിസത്തിലേയ്ക്കാണ്.

മാസ്കോമിലെ ഞങ്ങളുടെ എല്ലാമെല്ലാമായ രാധാകൃഷ്ണൻ സാറിന്റെ ഉപദേശങ്ങളും നിർദേശങ്ങളുമാണ് ഇത്രയും വലിയ സാഹസികതയ്ക്ക് മുതിരാൻ ഞങ്ങൾക്ക് സഹായമായത്.

ഇപ്പോൾ ഒരു ക്യാമറയും വാങ്ങി ആർക്കും എത്തിപിടിക്കാൻ സാധിക്കാത്ത വാർത്തകൾ തേടി ഞങ്ങൾ ഇറങ്ങുകയാണ്. യാത്രകളും ഒരുപാടിഷ്ടമുള്ള മാധ്യമപ്രവർത്തനവും ഒരുമിച്ചു കൊണ്ട് പോകുന്നതിലാണ് ഞങ്ങളിപ്പോൾ ലക്ഷ്യം വെയ്ക്കുന്നത്.

പുതിയ ആളുകളെയും സംസ്കാരങ്ങളെപറ്റിയും അറിയാനും ക്യാമറയിൽ പകർത്തി ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാനുമാണ് ഞങ്ങളിപ്പോൾ താൽപ്പര്യപ്പെടുന്നത്.

അലക്സാണ്ടർ സൂപ്പർട്രാംപ് പറഞ്ഞതുപോലെ സന്തോഷം യാഥാർഥ്യമാകുന്നത് പങ്കിടുമ്പോളാണ്.

ഞങ്ങൾ സന്തോഷം പങ്കിടുമ്പോൾ ജനം പണം പങ്കിട്ടാൽ ഈ യാത്രകൾ എളുപ്പം സാർഥമാകും.